# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676 ൽ ഉൾപ്പെടുത്തി സ്കിൽ ഡവലപ്മെന്റ് പദ്ധതികൾ</u>

2507 ശ്രീ. കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി സ്കിൽ ഡവലപ്പ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കലും പുതുക്കലും

2508 ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, മുല്ലക്കര രത്നാകരൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ അടിയന്തരമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട എത്ര മേഖലകളുണ്ട്; ഇവയിൽ മിനിമം വേതനം പുതുക്കാൻ മൂന്ന് വർഷം കഴിഞ്ഞ എത്ര മേഖലകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇനി മിനിമം വേതനം നിശ്ചയിക്കേണ്ട എത്ര തൊഴിൽ മേഖലകളുണ്ട്; അവ ഏതെല്ലാം;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ആയത് ഏർപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും മിനിമം വേതനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>തൊഴിൽ മേഖലയിലെ മിനിമം വേതനം പരിഷ്ക്കരണം</u>

2509 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ മേഖലയിലും മിനിമം വേതനം ഏറ്റവും ഒടുവിൽ പരിഷ്ക്കരിച്ചത് എന്നാണ്; വിശദമാക്കാമോ;

(ബി) പുതിയതായി ഏതെങ്കിലും മേഖലയെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നിയമ നിർമ്മാണം</u>

2510 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ സ്ഥാപനങ്ങളിലും കടകളിലും ജോലിചെയ്യുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികളെ മണിക്കുറുകളോളം ഇരിക്കാനനുവദിക്കാതെ ജോലി ചെയ്യിപ്പിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപന ഉടമകൾക്കെതിരെ നടപടി എടുക്കാനും തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാനും ഉതകുന്ന നിയമനിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

2511 ശ്രീ. സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുയെന്ന് വിശദമാക്കുമോ;

(ബി) ഇവർക്കെല്ലാം ശരിയായ പരിശോധനകൾക്കുശേഷം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ;

9സി) ഇവരെ ഏജന്റുമാരും ലോക്കൽ ഗുണ്ടകളും ചൂഷണം ചെയ്യാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം</u>

2512 ശ്രീ. ആർ. സെൽവരാജ്
,, ഡൊമനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനതൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) അന്യസംസ്ഥാനതൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിയമനിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്</u>

2513 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന കേന്ദ്രങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ഡി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

2514 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കപ്പെട്ടുവെങ്കിൽ ആകെ എത്ര പേർ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനതൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

2515 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് എടുക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം
ചെയ്യുന്നവർക്കെതിരെ നടപടി

2516 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ തൊഴിൽ രംഗത്ത് ചൂഷണം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അവരുടെ സുരക്ഷിതത്വവും ആരോഗ്യപരമായ താമസം ഉറപ്പാക്കുന്നതിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികള്‍-ജില്ലാതല വിവരം

2517 ശ്രീ. സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളില്‍ നിന്നും തൊഴില്‍തേടി എത്തുന്ന തൊഴിലാളികളുടെ കണക്കുകള്‍ ഉണ്ടോ;

(ബി) എങ്കില്‍ ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കില്‍ ഇവരുടെ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

2518 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തി കേരളത്തിൽ തൊഴിൽ എടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനും താമസസൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികൾ - രജിസ്ട്രേഷൻ നിർബന്ധമാക്കൽ

2519 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുകയറ്റം സംസ്ഥാനത്തുള്ള തൊഴിലാളികളുടെ തൊഴിൽ സാധ്യതയെ സാരമായി ബാധിക്കുന്നു എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ സംസ്ഥാനത്തിൽ നിന്നുള്ള തൊഴിലാളികളാണ് ജോലി തേടി സംസ്ഥാനത്ത് വരുന്നത്;

(ഡി) പ്രസ്തുത തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) രജിസ്റ്റർ ചെയ്യാതെ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിപ്പിച്ചാൽ പിഴ ഈടാക്കാൻ നിയമം കൊണ്ടുവരണമെന്ന ശുപാർശ ലേബർ കമ്മിഷണറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) അന്യസംസ്ഥാനതൊഴിലാളികളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ജി) ഇവരെ ചൂഷണം ചെയ്യുന്ന സ്പോൺസർമാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി കാർഡുകൾ</u>

2520 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി കാർഡുകൾ അനർഹമായി ആരെങ്കിലും കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ നിശ്ചിത കാലാവധിക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) അനർഹമാണെന്ന് കണ്ടെത്തിയ തിരിച്ചറിയൽ കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും</u>

2521 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

2522 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രശ്നം പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുമോ;

(ബി) വൻകിട തുണിക്കടകൾ പോലുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള അസൗകര്യങ്ങളുള്ളതും വിശ്രമവേളകൾ അനുവദിക്കാത്തതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ടെക്സ്റ്റൈൽഷോപ്പിലെ സ്ത്രീജീവനക്കാർ</u>

2523 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ടെക്സ്റ്റൈൽഷോപ്പുകളിലായി എത്ര സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മിനിമം കൂലി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ടെക്സ്റ്റൈൽ ഷോപ്പുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ ഇരുന്നുജോലി ചെയ്യുന്നതിനുള്ള അവകാശത്തിനായി സമരം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ടെക്സ്റ്റൈൽഷോപ്പുകളിൽ ഇരിക്കാൻ അനുവദിക്കാതിരിക്കുന്നത് മനുഷ്യാവകാശലംഘനമായി കണക്കാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ വേതനം</u>

2524 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത വിഭാഗക്കാരുടെ ശമ്പളം ബാങ്ക് വഴി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശമ്പളം ബാങ്ക് വഴി നൽകണമെന്ന് നിഷ്ക്കർഷിക്കുന്ന ശമ്പളസംരക്ഷണ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഇതിനുള്ള നിയമനിർമ്മാന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അൺ- എയ്ഡഡ് മേഖലയിലെ മിനിമം വേതനം</u>

2525 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ-എയ്ഡഡ് മേഖലയിൽ സേവനം അനുഷ്ടിക്കുന്ന യോഗ്യരായ അദ്ധ്യാപകർക്ക് ഇപ്പോഴും കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അൺ-എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം വേതനം ലഭിക്കുവാനും അവരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുവാനുമുള്ള സമഗ്ര നിയമനിർമ്മാണം നടത്തുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അൺ-എയിഡഡ് അദ്ധ്യാപകരുടെ വേതനം</u>

2526 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എയിഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ നേഴ്സുമാർക്ക് മിനിമം വേതനം</u>

2527 ശ്രീ. എളമരം കരീം
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ബി.ഡി. ദേവസ്സി
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലെ നേഴ്സുമാർക്ക് ദീർഘകാല സമരത്തെ തുടർന്ന് സർക്കാർ നിശ്ചയിച്ച മിനിമം വേതനം സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ നൽകുന്നുണ്ടോ എന്ന കാര്യത്തിൽ സർക്കാർ പരിശോധന നടത്തിയിരുന്നോ; വിശദ വിവരം ലഭ്യമാക്കുമോ;

(ബി) നേഴ്സുമാരുടെ എന്തൊക്കെ അടിസ്ഥാന തൊഴിൽ സൗകര്യം ഉറപ്പാക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്; ആശുപത്രി ഉടമകൾ ഇത് നടപ്പാക്കിയോ എന്ന കാര്യം പരിശോധിച്ചിരുന്നോ;

(സി) നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ ഇതുവരെ എടുത്ത നടപടികൾ അറിയിക്കാമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ മിനിമം വേതനം

2528 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ നഴ്സുമാർക്ക് മിനിമം വേതനം ശുപാർശ ചെയ്ത ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം നിലവിൽ നഴ്സുമാർക്കും, പാരാമെഡിക്കൽ ജീവനക്കാർക്കും ലഭിക്കുന്ന വേതനം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കൽ</u>

2529 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പുതുക്കിയ കൂലി എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കര്‍ഷക തൊഴിലാളി പെന്‍ഷന്‍</u>

2530 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകതൊഴിലാളികളുടെ പെന്‍ഷന്‍ ലഭിക്കുവാനുള്ള വരുമാനപരിധി നിലവില്‍ എത്രയാണ്;

(ബി) മറ്റ് ക്ഷേമ പെന്‍ഷനുകള്‍ക്ക് വരുമാനപരിധി ഉയര്‍ത്തി നിശ്ചയിച്ച സാഹചര്യത്തില്‍ കര്‍ഷക തൊഴിലാളി പെന്‍ഷനുള്ള വരുമാനപരിധി ഉയര്‍ത്തി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വാര്‍ദ്ധക്യം വരെ കാര്‍ഷിക വൃത്തിയില്‍ ഏര്‍പ്പെട്ട് വരുമാനപരിധി ഉയര്‍ന്നു എന്നുതുകൊണ്ട് മാത്രം പെന്‍ഷന്‍ നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>തൊഴിൽ വകുപ്പുവഴി വിതരണം ചെയ്യുന്ന പെൻഷനുകൾ</u>

2531 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് വഴി വിതരണം ചെയ്യുന്ന ഏതെല്ലാം പെൻഷനുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പെൻഷൻ ഇനത്തിലും എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര മാസത്തെ എത്ര തുക വിതരണം ചെയ്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>തൊഴിലാളി ക്ഷേമ നിധി ബോർഡുകൾക്ക് ഗ്രാന്റ്</u>

2532 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 2012-13, 2013-14 വർഷങ്ങളിൽ എത്ര രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്; ഓരോ വർഷവും അനുവദിച്ച ഗ്രാന്റ് തുക ബോർഡ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് എന്തടിസ്ഥാനത്തിലാണ് ഗ്രാന്റ് നൽകിവരുന്നത് വിശദാംശം നൽകാമോ;

(സി) സ്വന്തം വരുമാനത്തെ മാത്രം ആശ്രയിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന എത്ര ക്ഷേമനിധി ബോർഡുകൾ സംസ്ഥാനത്തുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011-12, 2012-13, 2013-14 വർഷങ്ങളിലായി സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തു; ഏതൊക്കെ തരം ആനുകൂല്യങ്ങളാണ് നൽകിയത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധിബോർഡ്</u>

2533 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി വിഹിതം അടച്ചുകൊണ്ടിരിക്കുന്ന എത്ര അംഗങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അംഗങ്ങൾക്ക് പെൻഷനു പുറമേ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി</u>

2534 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിയേറ്റ തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>നീര ഉത്പാദകർക്കായി ക്ഷേമനിധി ബോർഡ്</u>

2535 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദകർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന ബോർഡിന്റെ പേര് ഏതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നീര തൊഴിലാളികളെ ഏത് ക്ഷേമനിധി ബോർഡിന്റെ പരിധിയിലാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>തൊഴിൽവകുപ്പ് പുന:സംഘടന</u>

2536 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പുന:സംഘടനസംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ചോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം തൊഴിൽ വകുപ്പിൽ പുതിയതായി എന്തെങ്കിലും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ഫാക്ടറി തൊഴിലാളികളുടെ എണ്ണം

2537 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട, ചെറുകിട രജിസ്റ്റേഡ്, അൺ രജിസ്റ്റേഡ് ഫാക്ടറികളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;

(ബി) തൊഴിലാളികളുടെ ആരോഗ്യം സുരക്ഷാ ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എത്ര തുക 2014-15 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ എത്ര തുക വകയിരുത്തുവാൻ കഴിയും വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ</u>

2538 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം സൃഷ്ടിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റാൻ പദ്ധതി**

2539 ശ്രീ. കെ. രാധാകൃഷ്ണൻ
'' കെ.കെ. നാരായണൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റാൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; അതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) ഇതിനായി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) തൊഴിലാളികളെ വേണ്ട സ്ഥാപനങ്ങൾ വെബ്പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസും തൊഴിൽ ലഭിക്കുന്നവരിൽ നിന്നു കമ്മീഷനും ഈടാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഇതുവഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ വാണിജ്യവൽക്കരണം ലക്ഷ്യമിടുന്നുണ്ടോ ;

(ഇ) സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നികത്തുന്നു എന്നുറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ</u>

2540 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി നിലവിൽ എത്ര സെന്ററുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കായംകുളം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ</u>

2541 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ ഉദ്യോഗാർത്ഥികൾ എത്രയാണ്;

(ബി) ഇപ്പോൾ ഇന്റർവ്യൂവിന് പരിഗണിച്ചുകൊണ്ടിരിക്കുന്നത് ഏത് വർഷം രജിസ്റ്റർ ചെയ്തവരെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) 2012-2013, 2013-14 വർഷം എത്ര ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിനായി പരിഗണിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>പട്ടാമ്പിയിൽ പുതിയ എ.എൽ.ഒ ഓഫീസ്</u>

2542 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിലെ പുതിയ താലൂക്കിൽ അസിസ്റ്റന്റ് ലേബർ ഓഫീസ് ആരംഭിക്കുമോ;

(ബി) എങ്കിൽ എ.എൽ.ഒ. ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>തൊഴിൽ പരിശീലന കേന്ദ്രങ്ങൾ</u>

2543 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാരിതര തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകളാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ഐ.ടി.ഐ. കളിൽ പോഷകാഹാര പദ്ധതി</u>

2544 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ. കളിൽ പഠിക്കുന്ന പരിശീലനാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ട്രേഡുകളിൽ പഠിക്കുന്ന പരിശീലനാർത്ഥികൾക്കാണ് ഇത്തരത്തിൽ പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഐ.ടി.ഐ.കളിൽ വിവിധ ട്രേഡുകളിൽ പഠിക്കുന്നവരുടെ എണ്ണം എത്രയെന്ന് ഐ.ടി.ഐ.കൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര ശതമാനം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ബാക്കി വരുന്ന വിദ്യാർത്ഥികൾക്ക് കൂടി പോഷകാഹാരം വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി ഗവൺമെന്റ് ഐ. ടി.ഐ.</u>

2545 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ. ടി.ഐ. നിലവിൽ വന്നത് എന്നാണ്; ഈ ഐ. ടി.ഐ. യുടെ ഇപ്പോഴത്തെ സ്ഥിതിയും, നിലയും എന്താണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ. ടി.ഐ.യുടെ സമഗ്ര വികസനത്തിനും അപ്ഗ്രേഡേഷനുമായി ഐ. ടി.ഐ. സൂപ്രണ്ടും, പി. ടി.എ.യും നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് ഐ. ടി.ഐ.യിൽ നിർമ്മിക്കുന്ന വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ ഫയൽ നടപടി വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് ഭരണവകുപ്പ് എന്ന് ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>വെസ്റ്റ് എം.ജി. ഐ.ടി.ഐ. യിലെ പ്രശ്നങ്ങൾ</u>

2546 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജില്ലയിലെ ഏക വനിത ഐ.ടി.ഐ. ആയ വെസ്റ്റ് എം.ജി. ഐ.ടി.ഐ യിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത ഐ.ടി. ഐ. യിലെ അദ്ധ്യാപകക്ഷാമം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>മാടായി ഐ. ടി.ഐ. യിലെ കോഴ്സുകൾ</u>

2547 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ. ടി.ഐ. യിൽ ഇപ്പോൾ എന്തൊക്കെ കോഴ്സുകളാണ് നടത്തിവരുന്നത്; എത്ര കുട്ടികളാണ് പ്രസ്തുത കോഴ്സുകളിൽ പഠിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) ഇവിടെ നടത്തിവരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കോഴ്സ് കഴിഞ്ഞവർക്ക് എന്തെല്ലാം ജോലി സാദ്ധ്യതകളാണ് നിലവിലുള്ളത് ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടി ഗവൺമെന്റ് ഐ. ടി.ഐ ട്രെയിനികൾക്ക് യൂണിഫോം</u>

2548 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ. ടി.ഐ ട്രെയിനികൾക്ക് കാക്കി യൂണിഫോം അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) യൂണിഫോമിന്റെ സ്റ്റിച്ചിംഗ് ചാർജ് കാലാനുസൃതമായി പരിഷ്ക്കരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ട്രെയിനികൾക്കു നൽകിവരുന്ന ജനറൽ സ്റ്റൈപ്പന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>നരിപ്പറ്റ - ഐ. ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2549 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ഐ. ടി.ഐ. ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് വരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഐ. ടി.ഐ. ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഫയലുകളാണ് നിലവിലുള്ളത്?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ വനിതാ ഐ.ടി.ഐ.

2550 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ വനിതാ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതുതായി എത്ര ഐ.ടി.ഐ.കൾ അനുവദിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ബേപ്പൂരിലെ ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലെ കാലതാമസം</u>

2551 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബേപ്പൂരിലെ ഗവൺമെന്റ് ഐ.ടി.ഐ. ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; കെട്ടിടം നിർമ്മിക്കുന്നതിന് 1.20 ഏക്കർ സ്ഥലം നൽകുന്നതിന് ബേപ്പൂർ പഞ്ചായത്ത് തീരുമാനിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പ് ഇതിന് അംഗീകാരം നൽകിയിട്ടും കാലതാമസത്തിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് - ചിറ്റ്സ് പദ്ധതി</u>

2552 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് - ചിറ്റ്സ് പദ്ധതിയിൽ നിലവിൽ ഏതെല്ലാം ജനവിഭാഗങ്ങളാണ് ഉൾപ്പെടുന്നത്; പ്രസ്തുത പദ്ധതി വഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് വിശദീകരിക്കാമോ;

(ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) അംഗത്വമെടുക്കാനുള്ള വരുമാന പരിധി നിലവിൽ എത്രയാണ്; കാലാനുസൃതമായി വരുമാന പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്</u>

T2553 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ::

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസിനായുള്ള ഗുണഭോക്തൃ രജിസ്ട്രേഷൻ, ഈ വർഷത്തെ രജിസ്ട്രേഷൻ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇൻഷ്വറൻസ് നടത്തിപ്പിന് ഇക്കൊല്ലം ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളും ഡയഗ്നോസ്റ്റിക് സെന്ററുകളും</u>

2554 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളും ഡയഗ്നോസ്റ്റിക് സെന്ററുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) പ്രസ്തുത ആശുപത്രികളിലും, ഡയഗ്നോസ്റ്റിക് സെന്ററുകളിലും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭ്യമാകുന്ന പരിശോധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അസംഘടിതമേഖലയിലെ തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

2555 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിതമേഖലയിൽ പണിയെടുക്കുന്ന ഏതെല്ലാം മേഖലകളിലെ തൊഴിലാളികളെയാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഇനിയും ഉൾപ്പെടുത്താനുള്ളത്; വിശദമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡിന്റെയോ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെയോ പരിധിയിൽ വരാത്ത ഇത്തരം തൊഴിലാളികളെ സംബന്ധിച്ച ആധികാരിക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം തൊഴിലാളികളെ സംബന്ധിക്കുന്ന വിവരണശേഖരണം നടത്തി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആശുപത്രി വ്യവസായ ബന്ധസമിതി</u>

2556 ശ്രീ. സണ്ണി ജോസഫ്
'' എം. പി. വിൻസെന്റ്
'' ലൂഡി ലൂയിസ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി വ്യവസായ ബന്ധ സമിതി രൂപികരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ പ്രസ്തുത സമിതി രൂപീകരണം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ;

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ. മെഡിക്കൽ കോളേജ്

2557 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ ;

(സി) എന്നത്തേക്ക് പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ്

2558 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ സാരംശം വെളിപ്പെടുത്തുമോ; ഇ.എസ്.ഐ. മെഡിക്കൽ കോളേജിനായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; തുക വകയിരുത്തിയതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇ.എസ്.ഐ ബോർഡിന്റെ ഏത് യോഗത്തിലാണ് ഇ.എസ്.ഐ മെഡിക്കൽ കോളേജ് മാവേലിക്കരയിൽ ആരംഭിക്കാനുള്ള തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തീരുമാനത്തിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മാവേലിക്കരയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ. അംഗത്വമുള്ളവർക്കുള്ള ചികിത്സാ സൗകര്യം

2559 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) എതെല്ലാം ആശുപത്രികളും ഡയനോസ്റ്റിക് സെന്ററുകളും ആണ് എം.പാനൽ ചെയ്തിട്ടുള്ളതെന്നും, ഇവയിൽ ഓരോന്നിൽ നിന്നും ഏതെല്ലാം ചികിത്സകളും പരിശോധനകളും ലഭ്യമാണെന്നും വിശദമാക്കാമോ;

(സി) ഒരു സാമ്പത്തിക വർഷത്തെ ചികിത്സയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ;

(ഡി) ഇ.എസ്.ഐ. അംഗങ്ങൾക്ക് എം.പാനൽസ് ആശുപത്രികളേയും ഡയഗ്നോസ്റ്റിക് സെന്ററുകളേയും നേരിട്ടു സമീപിക്കാൻ കഴിയുമോ;

(ഇ) ഇല്ലെങ്കിൽ എം. പാനൽസ് ഹോസ്പിറ്റലുകളെ സമീപിക്കേണ്ടതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ഇ.എസ്.ഐ യിലെ അംഗസംഖ്യ</u>

2560 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. യിലെ ഇപ്പോഴത്തെ അംഗസംഖ്യ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം പുതിയതായി ഏതെങ്കിലും മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ഇ.എസ്.ഐ. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

**കാസർഗോഡ് മണ്ഡലത്തിലെ തൊഴിലാളികൾക്കുള്ള ഇ.എസ്.ഐ സൗകര്യങ്ങൾ**

2561 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ തൊഴിലാളികൾക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഇ.എസ്.ഐ. സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ. ആശുപത്രി തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത ആശുപത്രി നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരം നൽകാമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?